പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 301

30.11.2015-ൽ മറുപടിക്ക്.

## ഫയർ ഫോഴ്സ് ആക്ടിന്റെ ഉദ്ദ്യേശ ലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.കെ.വിജയൻ | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അഗ്നിശമന സേനയെ പോലീസ് സേനയിൽ നിന്നും വേർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | : (എ) സംസ്ഥാനത്ത് അഗ്നിശമനസേന പോലീസ് വകുപ്പിൽ നിന്നും വേർപെട്ട് പ്രത്യേക വകുപ്പായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. |
| (ബി) 1962-ലെ ഫയർഫോഴ്സ് ആക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; | : (ബി) സംസ്ഥാനത്ത് ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും, ജീവനക്കാരുടെ നിയമനം, പരിശീലനം, ചുമതലകൾ, അഗ്നിപ്രതിരോധ ഉപകരണങ്ങളുടെ പരിപാലനം എന്നിവ കൃത്യമായി നിർവ്വഹിക്കുന്നതിനും വേണ്ടിയാണ് 1962-ലെ ഫയർഫോഴ്സ് ആക്ട് നിലവിൽ വന്നത്. |
| (സി) പ്രസ്തുത ആക്ടിനെ അടിസ്ഥാനമാക്കി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;<br><br>(ഡി) ചട്ടങ്ങൾ നിലവിൽ വരാത്തത് കാരണം അഗ്നിശമന സേന ആഭ്യന്തര വകുപ്പിൽ ഒരു രണ്ടാം സേനയായി കണക്കാക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഇ) എങ്കിൽ ചട്ടങ്ങൾ അടിയന്തിരമായി പുറപ്പെടുവിച്ച് അഗ്നിശമനസേനയുടെ നിലവിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി)യും, (ഡി)യും, (ഇ) യും) 1962-ലെ ഫയർ ഫോഴ്സ് ആക്ടിന് തുടർച്ചയായി നിരവധി സ്പെഷ്യൽ റൂളുകൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത റൂളുകൾ എല്ലാം ക്രോഡീകരിച്ച് തയ്യാറാക്കിയ 'കേരള ഫയർ ഫോഴ്സ് സ്പെഷ്യൽ റൂൾസ് -2011', ഫയർ ഫോഴ്സ് ആക്ട് സഹിതം, ബഹു. വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചപ്പോൾ, നിലവിലെ ഫയർ ഫോഴ്സ് ആക്ട് ഏറെ പഴക്കം ചെന്നതും ആധുനിക കാലത്തെ ആവശ്യങ്ങളുമായി പൊരുത്തപ്പെടാത്തവിധം മാറി കഴിഞ്ഞതിനാൽ ഫയർ ഫോഴ്സിന്റെ പ്രവർത്തനത്തിൽ ഉണ്ടാകുന്ന നിയമപരമായ ന്യൂനതകൾ പരിഹരിക്കുന്നതിനായി പഴയ ആക്ടിൻമേൽ റൂൾ ഉണ്ടാക്കുന്നതിനെക്കാൾ അഭികാമ്യം കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ നിയമം കൊണ്ടുവരേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു. മേൽ നിർദ്ദേശപ്രകാരം അഗ്നിശമന സേനയുമായി ബന്ധപ്പെട്ട് " കേരള അഗ്നിപ്രതിരോധവും ജീവൻ സുരക്ഷാ നടപടികളും'' എന്ന പേരിൽ ഒരു പുതിയ നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ